പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.275 26.09.2011 ൽ മറുപടിയ്ക്ക്

അന്യ സംസ്ഥാന ഭാഗ്യക്കുറികൾ

| ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ഉത്തരം<br>ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | അന്യസംസ്ഥാന ഭാഗ്യക്കുറികൾ സംസ്ഥാനത്ത് ഇപ്പോൾ വിൽക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ ഈ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | അന്യസംസ്ഥാന ഭാഗ്യക്കുറികൾ സംസ്ഥാനത്ത് ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് വിൽപ്പന നടത്തുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനായി കേരള ടാക്സ് ഓൺ പേപ്പർ ലോട്ടറീസ് നിയമം സംസ്ഥാനത്ത് നടപ്പിലാക്കി. ഈ നിയമമനുസരിച്ച് 1998-ലെ ലോട്ടറീസ് റെഗുലേഷൻ ആക്റ്റ്, അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്നുള്ള സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട സർക്കാരുകൾ നൽകേണ്ടതായ ചില വിശദാംശങ്ങൾ എന്നിവ സംബന്ധിച്ച നിബന്ധനകൾ പാലിച്ചുകൊണ്ടു മാത്രമേ അന്യ സംസ്ഥാന ലോട്ടറികളിൽ നിന്നും മുൻകൂർ നികുതി സ്വീകരിക്കാവൂ എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട് കൂടാതെ ഇതുമായി ബന്ധപ്പെട്ടു നടപടികൾ സ്വീകരിക്കുന്നതിന് പോലീസ് വകുപ്പിൽ ഒരു മോണിറ്ററിംഗ് സെൽ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് നിന്നുപോയ പ്രതിവാര ഭാഗ്യക്കുറികൾ പുനരാരംഭി ച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | മാരകരോഗം പിടിപെട്ടവരെ സഹായിക്കാനുള്ള കാരുണ്യ ലോട്ടറി ഉൾപ്പെടെ സംസ്ഥാനത്ത് ഇപ്പോൾ ഏതൊക്കെ ഭാഗ്യക്കുറികൾ വില്പന നടത്തുന്നുണ്ട് ; | (സി) | കാരുണ്യ ഭാഗ്യക്കുറി ഉൾപ്പെടെ അക്ഷയ, പ്രതീക്ഷ, വിൻവിൻ, ഭാഗ്യനിധി, എന്നീ അഞ്ച് പ്രതിവാര ഭാഗ്യക്കുറികളും, പൂജാ ബമ്പർ ഭാഗ്യക്കുറിയും ഇപ്പോൾ വിൽപ്പന നടത്തുന്നുണ്ട്. |
| (ഡി) | ലോട്ടറി കേസിൽ സി.ബി.ഐ അന്വേഷണം സാധ്യമാക്കുന്നതിന് ഈ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | ലോട്ടറി കേസിൽ CBI അന്വേഷണം നടത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 32 കേസുകളിൽ അന്വേഷണം നടത്തുന്നതിനായി 18.06.11 ലെ എസ്.ആർ.ഒ 369/2011 പ്രകാരവും കൂടാതെ അന്യസംസ്ഥാന ലോട്ടറിയുടെ അനധികൃത വിൽപ്പനയുമായി ബന്ധപ്പെട്ട 15 വിഷയങ്ങൾ കൂടി ഉൾപ്പെടുത്തി 04.08.11 ലെ എസ്.ആർ.ഒ 471/2011 പ്രകാരവും നോട്ടിഫിക്കേഷനുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

Chandni/2

സെക്ഷൻ ഓഫീസർ